# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1144 06.02.2020 -ൽ മറുപടിക്ക്**

**റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ പി.ഡബ്ല്യു.ഡി.റോഡ് വിഭാഗം ഡിവിഷൻ, വടക്കാഞ്ചേരി സബ്ഡിവിഷൻ, വടക്കാഞ്ചേരി സെക്ഷനുകീഴിൽ ചേലക്കര നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്; ഇതിൽ ടെണ്ടർ കഴിഞ്ഞ് പ്രവർത്തി ആരംഭിക്കാനുള്ളവ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവർത്തി ആരംഭിയ്ക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (എ) & (ബി) പൊതുമരാമത്ത് വടക്കാഞ്ചേരി നിരത്തുകൾ സെക്ഷന്റെ പരിധിയിൽ ചേലക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന താഴെപറയുന്ന റോഡുകൾ പുനരുദ്ധാരണം ചെയ്യുവാൻ തുക അനുവദിച്ചിട്ടുണ്ട്.<br>1) മുള്ളൂർക്കര വരവൂർ റോഡ് കി.മീ.0/000 മുതൽ 5/900 വരെ (500 ലക്ഷം)<br>2) മുള്ളൂർക്കര വരവൂർ റോഡ് കി മി 5/900 മുതൽ 6/900 വരെ (50 ലക്ഷം)<br>3) ചിറ്റണ്ട തലശ്ശേരി റോഡ് കി മി 5/400 മുതൽ 7/000 വരെ (200 ലക്ഷം)<br>4) കൊണ്ടയൂർ റോഡ് 0/000 മുതൽ 2/700 (300 ലക്ഷം)<br>5) ചെറുതുരുത്തി - പൊന്നാനി റോഡ് 0/000 മുതൽ 5/300 വരെ (126.7 ലക്ഷം)<br>6) വരവൂർ പിലാക്കാട് തളി റോഡ് 0/000 മുതൽ 1/250 വരെ (60 ലക്ഷം)<br>മേൽ സൂചിപ്പിച്ച റോഡുകളിൽ 1,2 എന്നീ പ്രവർത്തികൾക്ക് സൈറ്റ് കരാറുകാരന് കൈമാറുകയും ഇനിഷ്യൽ ലെവൽസ് എടുക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതിനുശേഷം പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. ക്രമനമ്പർ (3) പ്രവർത്തിയുടെ ലെവൽസ് എടുത്തിട്ടുണ്ട്. |

സർവ്വേനടപടികൾ പുരോഗമിക്കുന്നു. (4) പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. ക്രമനമ്പർ (5) പ്രവർത്തിയുടെ കരാർ ഉടമ്പടി വെച്ചിട്ടുണ്ട്. ക്രമനമ്പർ (6) പ്രവർത്തിയുടെ ക്രോസ് ഡ്രെയിൻ പ്രവർത്തി പൂർത്തിയായിട്ടുണ്ട്. ബി.എം. & ബി.സി. പ്രവർത്തി അടുത്ത വാരത്തിൽ തുടങ്ങാനാകും.

Hemalatha

**സെക്ഷൻ ഓഫീസർ**